**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 7387

14.07.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ പ്രൊമോട്ടർമാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ ഭാഗമായി പഞ്ചായത്തുതല ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഉണ്ടെങ്കിൽ എത്ര പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും അവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | (എ) യും (ബി) യും | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലായി ആകെ 903 പ്രമോട്ടർമാർക്ക് ഒരു വർഷത്തേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. ഉയർന്ന പ്രായപരിധി 39- വയസ്സായി നിശ്ചയിച്ച്, പത്താംക്ലാസ്സ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തിയാണ് യോഗ്യരായ പ്രമോട്ടർമാരെ നിശ്ചയിച്ചിട്ടുള്ളത്.<br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സ്കോളർഷിപ്പുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വ്യാപകമായും ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി പ്രതിമാസം 4000/- രൂപാ ഓണറേറിയം വ്യവസ്ഥ അടിസ്ഥാനത്തിലാണ് പ്രമോട്ടർമാരെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ